കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 1557/ഇഎം1/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 08/07/2011

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വോട്ടർ പട്ടികപുതുക്കൽ - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ റസിഡൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 31/12/2009ലെ ചീഫ് ഇലക്ടറൽ ഓഫീസറുടെ 7363 /ഇ.എൽ.3/ 2009/ഇലക് നമ്പർ കത്ത്.

വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തേണ്ട ആവശ്യത്തിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന റസിഡൻസി സർട്ടിഫിക്കറ്റുകളിൽ പൂർണമായ വിവരങ്ങൾ ഉൾക്കൊള്ളിക്കാത്തതിനാലും അവ യഥാസമയം നൽകുന്നതിൽ വീഴ്ചവരുത്തുന്നതിനാലും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷകൾ പലപ്പോഴും നിരസിക്കുവാൻ ഇടവരികയും ഇത് വോട്ടർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർക്കിടയിൽ വ്യാപകമായ പരാതിക്കും പ്രതിഷേധത്തിനും കാരണമാകുന്നതായും സൂചന പ്രകാരം സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട് ഇതുമൂലം ഉണ്ടാകാനിടയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി റസിഡൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ താഴെപറയുന്ന വിശദാംശങ്ങൾ കൂടി നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് എന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു.

എ) സർട്ടിഫിക്കറ്റിന്റെ നമ്പരും, തീയതിയും.

ബി) അപേക്ഷകൻെറ പൂർണ്ണമായ മേൽവിലാസവും, വീട്ടുനമ്പറും.

സി) സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള വിലാസത്തിൽ എത്രകാലമായി താമസിക്കുന്നു എന്ന വിവരം.

ഡി) സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻെറ പേരും, ഉദ്യോഗപ്പേരും, പൂർണ്ണമായ ഒപ്പും (സെക്രട്ടറിമാർ തന്നെ നിർബന്ധമായും ഒപ്പു വയ്ക്കേണ്ടതാണ്)

ഇ) സെക്രട്ടറിയുടെയും ഓഫീസിൻെറയും സീലുകൾ.

...2/

2) മേൽ നിർദ്ദേശ പ്രകാരം തയ്യാറാക്കേണ്ട സർട്ടിഫിക്കറ്റിൻെറ മാതൃക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

3) വിശദമായ അന്വേഷണം നടത്തി, നിയമാനുസൃതം തന്നെയാണ് റസിഡൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നത് എന്നുറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ഉത്തരവാദിത്തമായിരിക്കുന്നതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കുന്നതാണ്.

**ജെയിംസ് വർഗ്ഗീസ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ നഗരകാര്യ റീജിയണൽ ജോയിൻറ് ഡയറക്ടർമാർക്കും.
എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1) പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2) വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3) ചീഫ് ഇലക്ടറൽ ഓഫീസർ ആൻറ് പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്, തിരുവനന്തപുരം.
4) സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
5) തദ്ദേശ സ്വയംഭരണ (ആർ.സി./ആർ.ഡി) വകുപ്പ്.

.......................................... കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്ത്

## സാക്ഷ്യപത്രം

നമ്പർ: ..............                                                    തീയതി:......................

.................................... കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്തിലെ ................ വാർഡിൽ (വാർഡ് നമ്പരും പേരും) സ്ഥിതി ചെയ്യുന്ന ................. നമ്പർ കെട്ടിടത്തിൽ ശ്രീ./ശ്രീമതി ............................................................................................................................................................................... ............... .................... (പേരും പൂർണ്ണ മേൽവിലാസവും) എന്ന വ്യക്തിയും താഴെപ്പറയുന്ന കുടുംബാംഗങ്ങളും ........................... കാലമായി താമസിക്കുന്നുവെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ട വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

### വോട്ടവകാശത്തിനു അർഹതയുള്ള മറ്റ് കുടുംബാംഗങ്ങളുടെ പേരുവിവരം

| | |
|---|---|
| 1. | 6. |
| 2 | 7. |
| 3. | 8. |
| 4. | 9. |
| 5. | 10. |

ഈ സർട്ടിഫിക്കറ്റ് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനായി ........................ തഹസിൽദാർ/ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുൻപാകെ സമർപ്പിക്കുന്നതിന് വേണ്ടി നൽകിയിട്ടുള്ളതാണ്.

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ്:

പേരും ഉദ്യോഗപ്പേരും:

(ഓഫീസ് മുദ്ര)